പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3617 | 15.03. 2018 ൽ മറുപടിക്ക്

# താരിഫ് പോളിസി

ചോദ്യം

ശ്രീ.എസ്.ശർമ്മ
"എ.എം.ആരിഫ്
"യു.ആർ.പ്രദീപ്
"കെ.വി.വിജയദാസ്

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നിർദ്ദിഷ്ട കേന്ദ്ര വൈദ്യുതി നിയമ ഭേദഗതിയിലൂടെ സമവർത്തി പട്ടികയിലുള്ള വൈദ്യുതി വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ വൈദ്യുതി പോളിസി, താരിഫ് പോളിസി തുടങ്ങിയവസംസ്ഥാനങ്ങൾക്ക ബാധകമാക്കിയതു വഴി സംസ്ഥാനങ്ങളുടെ അധികാരം ചോർത്താൻ ഉദ്ദേശിക്കുന്നത് സംബന്ധിച്ച് പ്രതിഷേധംഅറിയിച്ചിട്ടുണ്ടോ;വ്യക്തമാക്കമോ; | (എ) ഉണ്ട്. കേന്ദ്ര ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ദേശീയ ഇലക്ട്രിസിറ്റി പോളിസി, ദേശീയ താരിഫ് പോളിസി എന്നിവ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, സംസ്ഥാന ഗവൺമെന്റുകൾ, വൈദ്യുതി ഉല്പാദകർ മറ്റ് എല്ലാ ലൈസൻസികൾ എന്നിവർക്ക് നിർബന്ധമാക്കിയിട്ടുണ്ട്.ഇത് സംബന്ധിച്ചുള്ള സംസ്ഥാന ഗവൺമെന്റിന്റെയും കെ.എസ്.-ഇ.ബി. യുടെയും അഭിപ്രായം അറിയിച്ചിട്ടുണ്ട്. |
| (ബി) വിതരണ മേഖലയെ തന്നെ രണ്ടായി വിഭജിച്ചുകൊണ്ടും ഒന്നിലധികം വൈദ്യുതി സപ്ലൈ കമ്പനികൾക്ക് പ്രവർത്തിക്കാൻ അനുമതി നൽകി കൊണ്ടും വൈദ്യുതി വാങ്ങൽ വില്പനരംഗം സ്വകാര്യവൽക്കരിക്കാൻ വഴിയൊരുക്കുന്നത് വൈദ്യുതി ബോർഡിന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയായി മാറാനിടയുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാക്കാമോ;<br>(സി) വിതരണ ശൃംഖലയുടെ നിർമ്മാണവും പരിപാലന ചുമതലയും സർക്കാർ വഹിക്കു | (ബി) &(സി) വൈദ്യുതി വിതരണ മേഖല വിഭജിച്ച്, വിതരണ ലൈനുകളുടെ നിർമ്മാണ-പരിപാലന ചുമതലയുള്ള ഒരു വിതരണ കമ്പനിയായും, വൈദ്യുതി വാങ്ങി പ്രസ്തുത ലൈനുകൾ ഉപയോഗിച്ച് വൈദ്യുതി വിൽപ്പന നടത്തുന്ന സപ്ലൈ ലൈസൻസിയും രൂപം കൊള്ളണമെന്ന് ടി കരട് ബിൽ നിർദ്ദേശിക്കുന്നു.<br>സപ്ലൈ ലൈസൻസികൾക്ക് നിലവിലുള്ള ശ്യംഖലയിൽകൂടി വൈദ്യുതി കടത്തി വിൽക്കുന്നതിന് അവകാശം ലഭിക്കും. ഉപഭോക്താവിന് വൈദ്യുതി എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം സപ്ലൈ ലൈസൻസികൾക്കായിരിക്കും.<br>സംസ്ഥാനത്ത് 50 ശതമാനം വൈദ്യുതി ഗാർഹിക ഉപഭോക്താക്കൾ ഉപയോഗിക്കുന്നതാണ്. അവർക്ക് താരതമ്യേന കുറഞ്ഞ നിരക്കിൽ ഉള്ള വൈദ്യുതിയാണ് |

| | |
|---|---|
| കയും വൈദ്യുതി വില്പനയിലൂടെ ലാഭമുണ്ടാക്കാൻ സ്വകാര്യ കമ്പനികളും എന്ന രീതിയിലേക്ക് വൈദ്യുതി മേഖല മാറാനിടയുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ? | നൽകുന്നത്. വൻകിട ഉപഭോക്താക്കളിൽ നിന്ന് ലഭിക്കുന്ന 'ക്രോസ് സബ്സിഡി' ഒരു പരിധിവരെ ഇതിനു സഹായകരമാണ്. അതുകൊണ്ട് പ്രത്യേക വിഭാഗത്തിനു സപ്ലൈ ലൈസൻസി വരുന്നതും ക്രോസ് സബ്സിഡി ഇല്ലാതാകുന്നതും പാവപ്പെട്ട ഉപഭോക്താക്കളെ സാരമായി ബാധിക്കും.<br>കൂടാതെ പൊതുമുതൽ ഉപയോഗിച്ച് നിർമ്മിച്ച ശൃംഖല സ്വകാര്യ/വൻകിട/ധനിക ഉപഭോക്താക്കൾക്ക് നിയന്ത്രണമില്ലാതെ നൽകുന്നത് അനൗചിത്യമാണ്.<br>അതിനാൽ വിശദമായ പഠനം നടത്തി കുറഞ്ഞനിരക്കിൽ വൈദ്യുതി ലഭിക്കുന്ന ചെറുകിട ഉപഭോക്താക്കളെ ബാധിക്കാത്ത വിധത്തിൽ സംസ്ഥാനത്തെ പ്രത്യേക സാമൂഹിക സാമ്പത്തിക സ്ഥിതി പരിഗണിച്ചും മാത്രം ടി കരട് ബിൽ നടപ്പാക്കാവൂ എന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ